ട്രാൻസ്‌പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ട്രാൻസ് ടവർ, തിരുവനന്തപുരം.
തീയതി: 15/12/2021

**നമ്പർ.ഇ.1/59/2021/റ്റി.സി**

പ്രേഷിതൻ

ട്രാൻസ്‌പോർട്ട് കമ്മീഷണർ
തിരുവനന്തപുരം

സ്വീകർത്താവ്

1. എല്ലാ ഡെപ്യൂട്ടി ട്രാൻസ്‌പോർട് കമ്മീഷണർമാർക്കും
2. എല്ലാ റീജിയണൽ ട്രാൻസ്‌പോർട്ട് ഓഫീസർക്കും.
3. എല്ലാ റീജിയണൽ ട്രാൻസ്‌പോർട്ട് ഓഫീസർ(എൻഫോഴ്‌മെന്റ്)മാർക്കും.

സർ,

വിഷയം: **മോട്ടോർ വാഹന വകുപ്പ്** – കേരളത്തിലെ സ്വകാര്യ ബസുകളിൽ മ്യൂസിക് സിസ്റ്റം പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ പുറപ്പെടുവിച്ച 21/05/2019 തീയതിയിലെ ഉത്തരവ് നടപ്പാക്കുന്നത് – സംബന്ധിച്ച്.

സൂചന :
1. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 03/12/2021 തീയതിയിലെ 8201/11/4/21/ഐ ഡി കെ നമ്പർ കത്ത്.
2. ഉത്തരവ് നടപ്പിലാക്കാത്തത് സംബന്ധിച്ച് ശ്രീ.അക്ബർ അലി.എ.മണ്ണിൽ വടക്കേതിൽ, കടയ്ക്കാട്, പന്തലം പി.ഒ., പിൻ.689501, പത്തനംതിട്ട സമർപ്പിച്ച പരാതി.

സൂചനകളിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കേരളത്തിലെ സ്വകാര്യ ബസുകളിൽ സർക്കാർ നിരോധിച്ച മ്യൂസിക് ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനെതിരെ ശ്രീ.അക്ബർ അലി കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന് സമർപ്പിച്ച പരാതിയിന്മേൽ വിശദമായ റിപ്പോർട്ട് സൂചന(1) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു. കേരള മോട്ടോർ വാഹന ചട്ടം 289 പ്രകാരം സർവ്വീസ് നടത്തുന്ന സ്വകാര്യ ബസുകളിൽ സർക്കാർ നിരോധിച്ച ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ ഉപയോഗിക്കുന്നത് പരിശോധിച്ച് അനധികൃത നിയമലംഘനങ്ങൾക്ക് കർശന നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുന്നു. മോട്ടോർ വാഹന ചട്ടം അനുസരിച്ചുള്ള നടപടികൾ ശക്തവും ഫലപ്രദവുമായ രീതിയിൽ നടപ്പിലാക്കി സ്വകാര്യ ബസുകളിൽ അനധികൃതമായി ഇത്തരം നിയമ ലംഘനങ്ങൾ ആവർത്തിക്കില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കേണ്ടതുമാണ്. ടി വിഷയത്തിൽ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന് റിപ്പോർട്ട് നൽകേണ്ടതിനാൽ സ്വീകരിച്ച നടപടികളുടെ ക്രോഡീകരിച്ച റിപ്പോർട്ട് അതാതു മേഖല ഡെപ്യൂട്ടി ട്രാൻസ്‌പോർട് കമ്മീഷണർമാർ മുഖാന്തിരം 28.12.2021 –നു മുൻപായി " safekerala.mvd@kerala.gov.in"

എന്ന ഇ മെയിലിൽ ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു

Digitally signed by PRAMOJ SANKER P S
Date:Wed Dec 15 18:50:25 IST 2021
Reason: Approved

വിശ്വസ്തതയോടെ,

Pramoj Sanker P S
Additional Transport Commissioner
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി
ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, തിരുവനന്തപുരം

പകർപ്പ് : എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട് കമ്മിഷണർ മാർക്കും